**ശ്രദ്ധക്ഷണിക്കൽ**

## പ്രവാസി മലയാളികൾക്ക് വോട്ടവകാശം

ശ്രീ. പി. ഉബൈദുള്ള: സർ, നമ്മുടെ രാജ്യത്തിന്റെ സമ്പദ്ഘടന നിലനിർത്തുന്നതിൽ പ്രധാന പങ്ക് വഹിക്കുന്ന പ്രവാസി സമൂഹത്തിന്, വരുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ വോട്ടവകാശം ഉറപ്പുവരുത്തേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ഈ സഭയുടെയും സർക്കാരിന്റെയും ശ്രദ്ധക്ഷണിക്കുകയാണ്.

നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക പുരോഗതിയുടെ നട്ടെല്ലാണ് പ്രവാസി മലയാളികൾ. സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് നടത്തിയ കേരള മൈഗ്രേഷൻ സർവ്വെ പ്രകാരം 25 ലക്ഷം പ്രവാസി മലയാളികളാണ് വിവിധ രാജ്യങ്ങളിലായി താമസിച്ചുവരുന്നത്. ഇവർ അയയ്ക്കുന്ന പണം കേരളത്തിന്റെ മൊത്തം വരുമാനത്തിന്റെ 22 ശതമാനത്തോളമുണ്ട്. സംസ്ഥാനത്ത് 50 ലക്ഷത്തിലധികം പേർ വിദേശ മലയാളികളെ ആശ്രയിച്ച് കഴിയുന്നവരാണ്. എന്നിട്ടും ഈ വിഭാഗത്തിന് അവരുടെ ജന്മനാടിന്റെ ഭരണാധികാരികളെ തെരഞ്ഞെടുക്കാനും രാജ്യത്തിന്റെ ഭാവിഭാഗധേയം നിർണ്ണയിക്കാനും അവസരം ലഭിക്കാതെ പോകുന്നത് അനീതിയാണ്. ഒരു പൗരൻ എന്ന നിലയിൽ മറ്റുള്ളവർക്ക് ലഭിക്കുന്ന എല്ലാ അവകാശങ്ങളും പ്രവാസികൾക്കും ലഭ്യമാക്കേണ്ടതുണ്ട്. ഏറ്റവും പുതിയ കണക്കനുസരിച്ച് പ്രവാസിമലയാളികളുടെ ബാങ്ക് നിക്ഷേപം ഒരു ലക്ഷം കോടി രൂപ കവിഞ്ഞിരിക്കുന്നു. സംസ്ഥാനതല ബാങ്കിംഗ് കമ്മിറ്റി പുറത്തുവിട്ട

കണക്കുപ്രകാരം 2013 മാർച്ചിൽ 66,190 കോടി രൂപയും 2014 മാർച്ചിൽ 93,883 കോടി രൂപയും 2015 മാർച്ചിൽ 1,09,603 കോടി രൂപയുമാണ് പ്രവാസി നിക്ഷേപം. ഓരോ വർഷവും പ്രവാസി നിക്ഷേപം വർദ്ധിച്ചുവരുന്നതായാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ഇതിനുപുറമെ സ്വന്തം ജീവിത പ്രയാസങ്ങൾക്കിടയിലും നമ്മുടെ സംസ്ഥാനത്തെ ആരോഗ്യ-വിദ്യാഭ്യാസ രംഗത്തും ജീവകാരുണ്യ പ്രവർത്തനങ്ങളിലും ഒക്കെ പ്രവാസികൾ നൽകുന്ന സേവനം എല്ലാവരാലും പ്രകീർത്തിക്കപ്പെട്ടതാണ്. 2.43 കോടി വോട്ടർമാരുള്ള കേരളത്തിൽ പ്രവാസി വോട്ടർമാരുടെ എണ്ണം നിർണ്ണായകമാണ്. കഴിഞ്ഞ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ വോട്ടർ പട്ടികയിൽ പേര് ഉൾപ്പെടുത്താനും വോട്ട് രേഖപ്പെടുത്താനും പ്രവാസികൾക്ക് അവസരമുണ്ടായിരുന്നു. മുമ്പ് പ്രവാസികളെ വോട്ടർപട്ടികയിൽ നിന്നും നീക്കം ചെയ്യുന്ന രീതിയാണ് ഉണ്ടായിരുന്നതെങ്കിൽ ഇന്ന് വോട്ടർ പട്ടികയിൽ പേര് ഉൾപ്പെടുത്താനും വോട്ട് രേഖപ്പെടുത്താനും അവസരമുണ്ടായത് സ്വാഗതാർഹമാണ്. എന്നാൽ 13000 പേർ മാത്രമാണ് ഇത്തരത്തിൽ വോട്ടർ പട്ടികയിൽ പേര് ചേർത്തത്. ഭീമമായ സംഖ്യ വിമാന ചാർജ്ജ് നൽകി വോട്ട് ചെയ്യാൻ നാട്ടിൽ എത്തുക എന്നത് കുറഞ്ഞ വരുമാനമുള്ള പ്രവാസികൾക്ക് അസാദ്ധ്യമായതുകൊണ്ട് വളരെ ചെറിയ ഒരു വിഭാഗത്തിന് മാത്രമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്താൻ അവസരം ലഭിച്ചത്. ബഹുമാനപ്പെട്ട

സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ പ്രവാസി വോട്ടവകാശം കേന്ദ്ര സർക്കാർ അംഗീകരിച്ച സാഹചര്യത്തിൽ അടുത്ത നിയമസഭാ തെരഞ്ഞെടുപ്പിൽ പ്രവാസി വോട്ടവകാശം ഉറപ്പുവരുത്തേണ്ട നടപടി ഉണ്ടാകേണ്ടതുണ്ട്. ഗുജറാത്ത് പോലുള്ള ഇന്ത്യൻ സംസ്ഥാനങ്ങളിൽ കോർപ്പറേഷൻ തെരഞ്ഞെടുപ്പിൽ ഇ-വോട്ടിംഗ് രീതി തെരഞ്ഞെടുപ്പ് കമ്മീഷൻ നടപ്പിലാക്കി. പട്ടികയിൽ പേര് ചേർക്കൽ, അംഗീകരിക്കൽ, വോട്ട് ചെയ്യൽ എന്നീ മൂന്ന് ഘട്ടങ്ങളാണ് ഈ പ്രക്രിയയിൽ ഉൾപ്പെടുത്തിയത്. ഓൺലൈൻ ആയി ലഭിക്കുന്ന ബാലറ്റ് പേപ്പറിൽ പാസ്‌വേഡും യൂസർനെയിമും ഉപയോഗിച്ച് ഇഷ്ടമുള്ള സ്ഥാനാർത്ഥിക്ക് വോട്ട് രേഖപ്പെടുത്തുന്ന രീതിയാണ് ഗുജറാത്തിൽ സ്വീകരിച്ചത്. ഇവിടെ പ്രോക്സി വോട്ട്, ഇ-വോട്ട് ഇവയിൽ ഏത് അവലംബിച്ചാലും അതിന് ആവശ്യമായ നടപടിക്രമങ്ങൾ എത്രയുംപെട്ടെന്ന് പൂർത്തീകരിക്കേണ്ടതുണ്ട്. ഗൾഫ് രാജ്യമായ ഖത്തറിൽ മലയാളികൾ കഴിഞ്ഞാൽ ഏറ്റവും കൂടുതലുള്ള പ്രവാസി സമൂഹം ഫിലിപ്പെയിൻസുകാരാണ്. 2016 മെയ് മാസത്തിലാണ് ഫിലിപ്പെയിൻസിൽ പൊതുതെരഞ്ഞെടുപ്പ് നടക്കുന്നത്. അവിടത്തെ പൗരന്മാരുടെ വോട്ട് ഉറപ്പിക്കുന്നതിനുവേണ്ടി 2013-ന് ശേഷം ഫിലിപ്പെയിൻസ് തെരഞ്ഞെടുപ്പ് കമ്മീഷൻ 3 തവണ ഖത്തറിലെത്തി അവിടത്തെ എംബസി അധികൃതരുമായി ചർച്ച നടത്തിയെന്നാണ് അറിയാൻ കഴിഞ്ഞത്. അത്തരത്തിൽ മറ്റ് രാജ്യങ്ങളൊക്കെ അവരുടെ രാജ്യത്തെ പ്രവാസികൾക്ക് വോട്ടവകാശം

നൽകുന്നതിനുള്ള നടപടികളുമായി മുന്നോട്ട് പോകുമ്പോൾ ഏറെ വികസ്വര രാജ്യമെന്ന് വിശേഷിപ്പിക്കുകയും സ്വയം അവകാശപ്പെടുകയും ചെയ്യുന്ന ഇന്ത്യയിലെ പൗരന്മാർക്ക് അവർ താമസിക്കുന്ന സ്ഥലങ്ങളിൽ നിന്നുതന്നെ അവരുടെ വോട്ടവകാശം വിനിയോഗിക്കാനുള്ള സംവിധാനം അടിയന്തരമായി ഉണ്ടാക്കേണ്ടതുണ്ട്. അതുകൊണ്ട് വരുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ കേരളത്തിലെ മുഴുവൻ പ്രവാസികൾക്കും അവർ ജോലി ചെയ്യുന്ന രാജ്യങ്ങളിൽ നിന്നുതന്നെ വോട്ടവകാശം വിനിയോഗിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുന്നതിനുള്ള സത്വരനടപടി സർക്കാർ സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി <u>(ശ്രീ. കെ. സി. ജോസഫ്)</u>: സർ, ബഹുമാനപ്പെട്ട മെമ്പർ പി. ഉബൈദുള്ള നടത്തിയ പരാമർശങ്ങളോട് ഗവൺമെന്റിന് പൂർണ്ണമായ യോജിപ്പാണുള്ളത്. ഈ കാലമത്രയും പ്രവാസികളുടെ പേര് വോട്ടർ പട്ടികയിലുണ്ടായിരുന്നില്ല. നമ്മുടെ കേരളത്തിലെ റേഷൻ കാർഡുകളിൽപ്പോലും പ്രവാസികളുടെ പേരുണ്ടായിരുന്നില്ല. കേരള ഗവൺമെന്റിന്റെയും നമ്മുടെ മുഖ്യമന്ത്രിയുടെയും ഉറച്ച നിലപാടുകൊണ്ടാണ് കഴിഞ്ഞ യു.പി.എ. ഗവൺമെന്റ് പ്രവാസികളുടെ വോട്ടവകാശമെന്ന ആവശ്യം അംഗീകരിക്കാൻ തയ്യാറായത്. ഈ ഗവൺമെന്റാണ് പ്രവാസികളുടെ പേര് റേഷൻ

കാർഡിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിച്ചത്. ഇൻഡ്യൻ പൗരത്വമുള്ള ഏതൊരാൾക്കും അത് പ്രവാസിയാണെങ്കിൽകൂടിയും ഇന്ന് ഓൺലൈൻ മുഖേന വോട്ടർ പട്ടികയിൽ പേരുൾപ്പെടുത്താനുള്ള അവകാശമുണ്ട്. പക്ഷെ, ഇന്നത്തെ നിലയ്ക്ക് വോട്ടെടുപ്പ് ദിവസം പ്രവാസി വോട്ടർ നാട്ടിലെത്തി പോളിംഗ് ബൂത്തിൽ പോയാൽ മാത്രമെ വോട്ടിംഗ് സാധിക്കുകയുള്ളൂ. ഈ കാര്യം ഗൗരവ്വമായ വിഷയമാണ്. കാരണം, പ്രവാസി സമൂഹത്തിന്റെ ഒരു ചെറിയ ശതമാനത്തിനുപോലും നാട്ടിൽ എത്തി വോട്ടുചെയ്യാൻ സാധിക്കുകയില്ല. അവരെല്ലാം വളരെ താഴ്ന്ന വരുമാനക്കാരാണ്. ഇത് കണക്കിലെടുത്തുകൊണ്ട് കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ പ്രവാസികളുടെ വോട്ടവകാശമെന്ന ആശയം കേരളം മുന്നോട്ടുവച്ചു. അതിനുവേണ്ടി ആൾ പാർട്ടി യോഗം വിളിച്ചുകൂട്ടി. ആ യോഗത്തിലുണ്ടായ ചർച്ചയിൽ പ്രോക്സി വോട്ടിംഗ് പ്രായോഗികമല്ല എന്ന ധാരണയിലാണ് എത്തിയത്. രണ്ടാമതുണ്ടായ മാർഗ്ഗം, ഓൺലൈൻ വോട്ടിംഗാണ്. അന്ന് ആ യോഗത്തിൽ പങ്കെടുത്ത പ്രതിപക്ഷം ഓൺലൈൻ വോട്ടിംഗ് അനുകൂലിച്ചില്ല. അങ്ങനെ ധാരണയുണ്ടാകാതെ യോഗം പിരിഞ്ഞെങ്കിലും സംസ്ഥാന ഗവൺമെന്റ് തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിൽ ഓൺലൈൻ വോട്ടിംഗ് നടപ്പിലാക്കണമെന്ന നടപടികൾക്കുവേണ്ടി ഇലക്ഷൻ കമ്മീഷനോട് ആവശ്യപ്പെട്ടെങ്കിലും കമ്മീഷൻ അതിനുള്ള നടപടി സ്വീകരിച്ചില്ല. ഇനിയിപ്പോൾ നിയമസഭാ തെരഞ്ഞെടുപ്പ് വരാൻ പോകുകയാണ്. കേരള ഗവൺമെന്റിന്റെ വളരെ

ശക്തമായ അഭിപ്രായം, അടിയന്തരമായി ആവശ്യമായ മാറ്റങ്ങൾ വരുത്തി നിയമസഭാ തെരഞ്ഞെടുപ്പിൽ ഓൺലൈൻ വോട്ടിംഗിനുള്ള അവസരം പ്രവാസികൾക്ക് കൊടുക്കണമെന്നുള്ളതാണ്. ഇവിടെ ശ്രീ. പി. ഉബൈദുള്ള പറഞ്ഞതുപോലെ, 2015 ജൂൺ വരെയുള്ള കണക്കനുസരിച്ച്, കേരളത്തിലെ വിവിധ ബാങ്കുകളിൽ പ്രവാസികളുടെ നിക്ഷേപം ഏതാണ്ട് 1.17 കോടി രൂപയാണ്. കേരളത്തിന്റെ സമ്പദ്ഘടനയിൽ വലിയ പങ്കുവഹിക്കുന്നവരും ഇന്ന് കേരളത്തിൽ കാണുന്ന ഈ പച്ചപ്പും സമൃദ്ധിയുടെയുമെല്ലാം കാരണം പ്രവാസികളാണ്. അവർക്ക് കേരളത്തിന്റെ ഭാവി നിർണ്ണയിക്കുന്ന തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാനുള്ള അവസരമുണ്ടാകണമെന്നതാണ് ഗവൺമെന്റിന്റെ അഭിപ്രായം. തീർച്ചയായും ഈ കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് നടപടികൾ സ്വീകരിക്കും. അടിയന്തരമായിത്തന്നെ ഈ അസംബ്ലി തെരഞ്ഞെടുപ്പിൽ പ്രവാസികൾക്ക് വോട്ടവകാശം വിനിയോഗിക്കാൻ കഴിയുന്ന രീതിയിൽ ആവശ്യമായ മാറ്റങ്ങൾ ആർ.പി. ആക്ടിൽ വരുത്തുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണം. അതുപോലെതന്നെ ഓൺലൈൻ വോട്ടിംഗിലൂടെ വോട്ടുചെയ്യാനുള്ള അവസരമുണ്ടാക്കണമെന്നതാണ് ഗവൺമെന്റിന്റെ അഭിപ്രായം. നാട്ടിലെത്തി വോട്ടുചെയ്യുന്നത് പ്രായോഗികമായ കാര്യമല്ല. കാരണം, പ്രവാസികളിൽ 80 ശതമാനവും. സാമ്പത്തിക ശേഷിയില്ലാത്ത സാധാരണക്കാരാണ് അതുകൊണ്ടുതന്നെ ബഹുമാനപ്പെട്ട പി. ഉബൈദുള്ള പറഞ്ഞ വികാരം ഗവൺമെന്റ്

അംഗീകരിക്കുന്നു. സാധ്യമായ നടപടി സ്വീകരിക്കുന്നതിനുവേണ്ടി പ്രധാനമന്ത്രിയോടും കേന്ദ്ര ഗവൺമെന്റിനോടും കേന്ദ്ര ഇലക്ഷൻ കമ്മീഷനോടും ആവശ്യപ്പെടുന്നതാണ്. നിയമസഭാ തെരഞ്ഞെടുപ്പിലെങ്കിലും ഓൺലൈൻ വോട്ടിംഗ് നടപ്പിലാക്കാൻ സാധിക്കണമെന്നതാണ് നമ്മുടെ ആവശ്യം. അതിനാവശ്യമായ എല്ലാ സഹകരണവും സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുന്നതാണ്.

ശ്രീ. പി. ഉബൈദുള്ള: സർ, നമ്മുടെ അടുത്ത നിയമസഭാ തെരഞ്ഞെടുപ്പിൽ പ്രവാസി വോട്ടവകാശം ഉറപ്പുവരുത്തുന്നതിനുള്ള നടപടിയുമായി ഗവൺമെന്റ് മുന്നോട്ടുപോകും എന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രഖ്യാപനം വളരെയധികം സ്വാഗതാർഹമാണ്. അടുത്ത നിയമസഭാ തെരഞ്ഞെടുപ്പിൽ ഓൺലൈൻ ആയി വോട്ട് രേഖപ്പെടുത്താനുള്ള സംവിധാനം ഉണ്ടാക്കുമെന്ന് മുഖ്യമന്ത്രി അമേരിക്കൻ മലയാളി സംഘടനയായ FOMAA-യുടെ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് പ്രഖ്യാപിച്ചത് പ്രവാസികളുടെ സമൂഹം വളരെ പ്രതീക്ഷയോടുകൂടിയാണ് കേട്ടത്. ആ പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിനുവേണ്ടിയുള്ള എല്ലാ നടപടികളും, കേന്ദ്ര ഗവൺമെന്റിലും കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷനിലും ശക്തമായ സമ്മർദ്ദം ചെലുത്തി നമ്മുടെ സംസ്ഥാനത്തെ മുഴുവൻ പ്രവാസികൾക്കും വോട്ടവകാശം ഉറപ്പുവരുത്താനുള്ള സത്വര നടപടികളുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോകുമോ?

ശ്രീ. കെ. സി. ജോസഫ്: സർ, അതുതന്നെയാണ് കേരളാ ഗവൺമെന്റിന്റെ നിലപാട്. അങ്ങിവിടെ വീണ്ടും പറഞ്ഞതുപോലെ അടിയന്തരമായിത്തന്നെ പ്രധാനമന്ത്രിയോടും കേന്ദ്ര ഗവൺമെന്റിനോടും കേന്ദ്ര ഇലക്ഷൻ കമ്മീഷനോടും ആവശ്യമായ മാറ്റങ്ങൾ വരുത്തി അടുത്ത നിയമസഭാ തെരഞ്ഞെടുപ്പിലെങ്കിലും പ്രവാസികൾക്ക് ഓൺലൈൻ വോട്ടിംഗിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഒരു വീഴ്ചയുമുണ്ടാകുകയില്ല, ചെയ്യാൻ കഴിയുന്ന എല്ലാ കാര്യങ്ങളും ഗവൺമെന്റ് ചെയ്യുന്നതാണ്.

## വിദൂര വിദ്യാഭ്യാസ മേഖലയിലെ അനിശ്ചിതാവസ്ഥ

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, വിദൂര വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് ഇന്ന് നമ്മുടെ പൊതുസമൂഹം നേരിടുന്ന പ്രശ്നങ്ങളാണ് ഈ ശ്രദ്ധക്ഷണിക്കലിന്റെ ഭാഗമായി ഇവിടെ ഉന്നയിക്കുന്നത്. 1962-ലാണ് ഡൽഹി സർവ്വകലാശാല ആദ്യമായി ഡിസ്റ്റന്റ് എഡ്യൂക്കേഷൻ പ്രവർത്തനങ്ങളാരംഭിക്കുന്നത്. പിന്നീട് ഈ വിദൂര വിദ്യാഭ്യാസ പദ്ധതി പല സർവ്വകലാശാലകളും ആരംഭിച്ചു. ഇന്ദിരാഗാന്ധി ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിച്ചതോടുകൂടി രാജ്യത്ത് വ്യാപകമായി ഡിസ്റ്റന്റ് എഡ്യൂക്കേഷന്റെ പ്രവർത്തനങ്ങളാരംഭിക്കുകയും ചെയ്തിട്ടുണ്ട്. നമ്മുടെ രാജ്യമായ ഇൻഡ്യയിൽ 325

സർവ്വകലാശാലകളിലും പതിനയ്യായിരത്തിലധികം കോളേജുകളിലായി ഒരു കോടിയിലധികം വിദ്യാർത്ഥികൾ ഉപരിപഠനം നടത്തുന്നുണ്ട്. കൂടാതെ 15 ലക്ഷത്തിലേറെ വിദ്യാർത്ഥികളാണ് വിദൂര വിദ്യാഭ്യാസത്തിലൂടെ നമ്മുടെ രാജ്യത്ത് വിദ്യാഭ്യാസം നേടുന്നത്. ലോകമെങ്ങും നവീന കോഴ്സുകളിലൂടെ വിദൂര വിദ്യാഭ്യാസത്തിന്റെ ആഴവും പരപ്പും വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ച് വളരെ ഗൗരവതരമായ നിരീക്ഷണങ്ങൾ നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ലോകത്തെത്തന്നെ വിവിധ യൂണിവേഴ്സിറ്റികൾ ഇക്കാര്യങ്ങളിൽ കൂടുതൽ ഉന്നതനിലവാരം പുലർത്തുന്നതിനെ സംബന്ധിച്ച് അവർ അതിനുള്ള മാർഗ്ഗങ്ങൾ ആരായുകയും ചെയ്യുന്നുണ്ട്. 17-നും 24-നും ഇടയിൽ പ്രായമുള്ളവരുടെ കണക്കെടുത്ത് പരിശോധിച്ചാൽ 7% വിദ്യാർത്ഥികൾക്ക് മാത്രമാണ് ഉന്നത വിദ്യാഭ്യാസ സൗകര്യം ലഭ്യമാകുന്നത്. സമ്പൂർണ്ണ സാക്ഷരത നേടിയ കേരളത്തെ സംബന്ധിച്ചിടത്തോളം തുടർ വിദ്യാഭ്യാസവും ഉന്നത വിദ്യാഭ്യാസവും ഏറ്റവും അനിവാര്യമായ കാര്യങ്ങളാണ്. 20% പേർക്കെങ്കിലും ഉന്നത വിദ്യാഭ്യാസം ലഭ്യമാക്കിയെങ്കിൽ മാത്രമെ പരിഷ്കൃത സമൂഹമെന്ന പേരിന് നമ്മുടെ നാടിന് അർഹതയുണ്ടാവുകയുള്ളൂ. ഉന്നത വിദ്യാഭ്യാസ രംഗത്ത് ഔപചാരികമായ വിദ്യാഭ്യാസ സാധ്യതകൾ മാത്രം നമുക്ക് ഒരിക്കലും പര്യാപ്തമാകില്ല. സമാന്തര വിദ്യാഭ്യാസ പരിപാടികൾ ഇതിന് കൂടിയേതീരൂ, അത് നിലനിർത്തികൊണ്ടുപോകുന്നതിനുള്ള ഇടപെടൽ സംസ്ഥാന സർക്കാരിന്റെ

ഭാഗത്തുനിന്നുണ്ടാകണം. ജീവിതകാലം മുഴുവൻ വിദ്യാഭ്യാസം എന്നുള്ളതാണ് ഇപ്പോൾ നമ്മൾ മുന്നോട്ടുവയ്ക്കുന്ന ആശയം. ഉന്നത വിദ്യാഭ്യാസമില്ലാത്ത പ്രദേശങ്ങളിൽ സമൂഹങ്ങൾക്കിടയിൽ വിജ്ഞാനത്തിന്റെ വെളിച്ചം വീശാനായി ഡിസ്റ്റന്റ് എഡ്യൂക്കേഷൻ പ്രവർത്തനങ്ങൾക്ക് കഴിയുന്നുണ്ട്. വ്യാജന്മാരെ തടയുന്നതിന് കർശന നിലപാടുകൾ ആവശ്യമാണ്. അതിന് വിദേശ രാജ്യങ്ങളിൽ മോഡേണൈസേഷന്റെ ഭാഗമായി ഇപ്പോൾ നടത്തികൊണ്ടിരിക്കുന്ന ഇൻ-ക്യാമറ എക്സാം അടക്കം ഓൺലൈൻ എക്സാമിനേഷന്, അതും ക്യാമറ വഴി ലൈവായി കാര്യങ്ങൾ കാണാൻ കഴിയും, അതടക്കമുള്ള കാര്യങ്ങൾ നമ്മുടെ നാട്ടിലേയ്ക്ക് കൊണ്ടുവരുന്നതിനും പരീക്ഷിക്കുന്നതിനുമുള്ള തയ്യാറെടുപ്പുകളാണ് യഥാർത്ഥത്തിൽ യൂണിവേഴ്സിറ്റികൾ നടത്തേണ്ടത്. ലേണേഴ്സ് സപ്പോർട്ട് സെന്ററുകൾ (LSC) അടച്ചുപൂട്ടാനായി യൂണിവേഴ്സിറ്റികൾ ഏകപക്ഷീയമായി തീരുമാനിക്കുകയാണ്. ഇതിനെതിരെ എൽ.എസ്.സി.-കൾ ഹൈക്കോടതിയെ സമീപിച്ചു. ഹൈക്കോടതി യൂണിവേഴ്സിറ്റിയുടെ ഉത്തരവിന് സ്റ്റേ നൽകി. പക്ഷെ, ഇവിടെയുണ്ടായിരിക്കുന്ന പ്രശ്നം ഡിസ്റ്റന്റ് എഡ്യൂക്കേഷൻ വകുപ്പുതന്നെ അടച്ചുപൂട്ടിയെന്നതാണ്. അതിന്റെ ഭാഗമായി കോടതിയുടെ ഉത്തരവുപോലും നടപ്പാക്കാൻ കഴിയുന്നില്ല. ഈ സംവിധാനങ്ങൾ നിലനിന്ന് പോകുന്നതിന് തീർച്ചയായും കോടതിയുടെ ഉത്തരവുകൾ നടപ്പാക്കേണ്ടതുണ്ട്. അതിനുള്ള സംവിധാനങ്ങളുണ്ടാകേണ്ടതുണ്ട്. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ ഡിസ്റ്റന്റ് എഡ്യൂക്കേഷന്റെ ഭാഗമായി

അറുപതിനായിരത്തിലധികം വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. ഓഫ് ക്യാമ്പസ് സെന്ററുകൾ മുഴുവൻ അടച്ചുപൂട്ടി എം.ജി. യൂണിവേഴ്സിറ്റിയും ഇപ്പോൾ റിപ്പോർട്ട് ചെയ്തിരിക്കുകയാണ്. കാലിക്കട്ട് സർവ്വകലാശാലയുടെ വിദൂര വിദ്യാഭ്യാസ പരിപാടി മുഴുവൻ യു.ജി.സി. പിൻവലിച്ചുകൊണ്ടുള്ള ഉത്തരവിറങ്ങി മാസങ്ങൾക്കുശേഷമാണ് കേരള സർവ്വകലാശാലയുടെ ഇടപെടൽ ഇക്കാര്യങ്ങളിൽ ഉണ്ടാകുന്നത്. 2.88 ലക്ഷം കുട്ടികൾ ഹയർ സെക്കൻഡറി പാസ്സാകുന്നുണ്ട്. ഇതിൽ റെഗുലർ കോളേജുകളിൽ അഡ്മിഷൻ കിട്ടുന്നത് അറുപതിനായിരത്തോളം കുട്ടികൾക്ക് മാത്രമാണ്. ബാക്കിവരുന്ന കുട്ടികളിൽ കുറച്ചുപേർക്ക് സ്വാശ്രയ മേഖലകളിൽ പോകാൻ കഴിയും. എന്നാൽ വലിയ തുക കൊടുത്ത് സ്വാശ്രയ മേഖലകളിൽ അഡ്മിഷനെടുക്കാൻ നിവൃത്തിയില്ലാത്ത പല കുട്ടികളും ആശ്രയിക്കുന്നത് വിദൂര വിദ്യാഭ്യാസത്തെയാണ്. അദ്ധ്യയന വർഷത്തിന്റെ പകുതിയിൽവച്ച് അംഗീകാരം പിൻവലിച്ചതുമൂലം വിദൂര വിദ്യാഭ്യാസ രംഗത്തെ വിദ്യാർത്ഥികളുടെ ഭാവി അനിശ്ചിതത്വത്തിലാണ്. കേരള യൂണിവേഴ്സിറ്റിയുടെ അധികാരപരിധിക്കുള്ളിൽ പ്രവർത്തിക്കുന്നതും യൂണിവേഴ്സിറ്റിയുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുള്ളതുമായ ലേണേഴ്സ് സപ്പോർട്ട് സെന്ററുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളും ഈ അനിശ്ചിതത്വം അനുഭവിക്കുന്നുണ്ട്. കോടതി ഉത്തരവ് ഉണ്ടായിട്ടുപോലും ഡിസ്റ്റന്റ് എഡ്യൂക്കേഷൻ വകുപ്പ് നിറുത്തലാക്കിയതുകൊണ്ട് ഇവരുടെ തുടർന്നുള്ള വിദ്യാഭ്യാസം പ്രതിസന്ധിയിലായിരിക്കുകയാണ്. ഒരു അദ്ധ്യയന വർഷത്തിന്റെ

പകുതിയിൽവച്ച് യൂണിവേഴ്സിറ്റി സ്വീകരിച്ചിട്ടുള്ള നടപടികൾ യഥാർത്ഥത്തിൽ കുട്ടികൾക്കും രക്ഷിതാക്കൾക്കും ഒരുപോലെ കടുത്ത മാനസിക പ്രതിസന്ധിക്ക് കാരണമായിട്ടുണ്ട്. ഈ വിഷയത്തിൽ ഗവൺമെന്റിന്റെ അടിയന്തരമായിട്ടുള്ള ഇടപെടൽ ഉണ്ടാകണം. യൂണിവേഴ്സിറ്റി യഥാസമയം ഈ വിഷയങ്ങളിൽ ഇടപെടാതിരുന്നതാണ് ഈ പ്രശ്നങ്ങൾക്കെല്ലാം അടിസ്ഥാന കാരണമായി ചൂണ്ടിക്കാണിക്കുന്നത്. യു.ജി.സി. ആവശ്യപ്പെട്ട നിബന്ധനകൾ പാലിച്ച് കാലിക്കട്ട് യൂണിവേഴ്സിറ്റി സത്യവാങ്മൂലം സമർപ്പിച്ചു. എന്നാൽ കേരള യൂണിവേഴ്സിറ്റി സത്യവാങ്മൂലം സമർപ്പിക്കുന്നതിന് ഗുരുതരമായ കലതാമസമുണ്ടാക്കി ബോധപൂർവ്വമായി പല വിഷയങ്ങളിൽനിന്നും വിട്ടുനിൽക്കുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ഭരണ നടപടിക്രമത്തിലെ വൈകല്യമാണ് ഇപ്പോഴുള്ള പ്രതികൂലാവസ്ഥയ്ക്ക് കാരണമായിട്ടുള്ളത്. സ്വാശ്രയ മേഖലയിൽ വലിയ തുക ഫീസ് കൊടുത്തുകൊണ്ട് ഗുണമേന്മയുള്ള വിദ്യാഭ്യാസം നേടുക എന്നുപറയുന്നത് ലക്ഷങ്ങൾ മുടക്കിവരുന്ന ഒരു പരിപാടിയായി മാറിയിട്ടുണ്ട്. രണ്ടും മൂന്നും ലക്ഷം രൂപ മുടക്കി റഗുലർ കോളേജുകളിലും അൺ-എയ്ഡഡ് കോളേജുകളിലും അഡ്മിഷൻ നേടുകയെന്നുപറയുന്നത് പല മാതാപിതാക്കളെയും സംബന്ധിച്ചിടത്തോളം വളരെ ബുദ്ധിമുട്ടാണ്. ലക്ഷക്കണക്കിന് കുട്ടികളുടെ തുടർ വിദ്യാഭ്യാസ പ്രശ്നം എന്ന നിലയിൽ ഗവൺമെന്റ് ഇതിനെ ഗൗരവമായി കാണണം. യൂണിവേഴ്സിറ്റി ഒരു സ്വയംഭരണ സ്ഥാപനമാണ്. അക്കാര്യത്തിൽ തർക്കമൊന്നുമില്ല. പക്ഷെ കൃത്യമായ

ഇടപെടലുകളില്ലായ്മയും ഭരണ പരാജയവുംമൂലം ലക്ഷക്കണക്കിന് കുട്ടികളുടെ ജീവിതത്തിൽ പ്രതിസന്ധി ഉണ്ടാകുമ്പോൾതന്നെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് ഒരു മികച്ച കാഴ്ചപ്പാട് കേരള സംസ്ഥാനത്തിനുണ്ടെന്നുള്ള കാര്യം വിസ്മരിക്കാൻ കഴിയില്ല. എന്തെങ്കിലും കുറവുകളുണ്ടായിട്ടുണ്ടെങ്കിൽ അതിൽ യൂണിവേഴ്സിറ്റിയും ഗവൺമെന്റും ഇടപെടണമെന്ന കാര്യത്തിൽ തർക്കമൊന്നുമില്ല. എന്നാൽ ആ കാഴ്ചപ്പാടുതന്നെ വികലമാക്കിക്കൊണ്ട് ഇത്തരം സ്ഥാപനങ്ങളെയാകെ അവഹേളിക്കുന്ന തരത്തിൽ കുട്ടികളുടെ വിദ്യാഭ്യാസം പ്രതിസന്ധിയിലാകത്തക്ക വിധത്തിൽ യൂണിവേഴ്സിറ്റികൾ നടത്തുന്ന ഇത്തരം നടപടികളിന്മേൽ സർക്കാരിന്റെ ഭാഗത്തുനിന്നും ആവശ്യമായ ഇടപെടലുകൾ ഉണ്ടാകണമെന്ന് വളരെ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, സർവ്വകലാശാല നിയമത്തിൽ പരാമർശിച്ചിട്ടുള്ള അധികാര പരിധിക്ക് പുറത്ത് പ്രവർത്തിക്കുന്ന വിദൂര വിദ്യാഭ്യാസ കേന്ദ്രങ്ങൾ അടച്ചുപൂട്ടണമെന്ന യു.ജി.സി.യുടെ നിർദ്ദേശത്തെത്തുടർന്ന് ഈ സെന്ററുകൾ അടച്ചുപൂട്ടാൻ സർക്കാർ സർവ്വകലാശാലകൾക്ക് നിർദ്ദേശം നൽകിയിരുന്നു. യു.ജി.സി.യുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന ഇത്തരം സെന്ററുകൾ വിദ്യാഭ്യാസ നിലവാരത്തകർച്ചയ്ക്ക് ആക്കംകൂട്ടുമെന്നതിനാലാണ് യു.ജി.സി. പ്രവർത്തനാനുമതി നിഷേധിച്ചിട്ടുള്ളത്. കേരള സർവ്വകലാശാലയ്ക്ക് സംസ്ഥാനത്തിനകത്ത് 135 ലേണേഴ്സ് സപ്പോർട്ട്

സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. കേരള സർവ്വകലാശാലയ്ക്ക് കേരളത്തിന് പുറത്തോ വിദേശത്തോ സെന്ററുകളില്ല. കേരള സർവ്വകലാശാലയുടെ കീഴിൽ എൽ.എസ്.സി.കൾ തുടങ്ങാനുള്ള നയപരമായ തീരുമാനമുണ്ടായത് 2012-ലാണ്. അങ്ങനെ സ്ഥാപിക്കപ്പെട്ട എൽ.എസ്.സി.കൾ നിലനിൽക്കുമ്പോൾ യൂണിവേഴ്സിറ്റിക്ക് യു.ജി.സി. ആവശ്യപ്പെട്ടതരത്തിലുള്ള അഫിഡവിറ്റ് കൊടുക്കാൻ സാങ്കേതിക ബുദ്ധിമുട്ടുണ്ടായിരുന്നു. അതിനാൽ അഫിഡവിറ്റിനുപകരം അണ്ടർടേക്കിംഗ് ആയിരുന്നു യൂണിവേഴ്സിറ്റി നൽകിയത്. 15.07.2015-ലെ യു.ജി.സി. കത്തുപ്രകാരം കേരള സർവ്വകലാശാല നടത്തുന്ന വിദൂര വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നഷ്ടമായ അംഗീകാരം പുനഃസ്ഥാപിച്ചുകിട്ടുന്നതിനുള്ള നടപടികളുടെ ഭാഗമായി യു.ജി.സി. സത്യവാങ്മൂലത്തിലെ 14-ാമത്തെ നിബന്ധന അംഗീകരിക്കുന്നതിനുവേണ്ടി 30.07.2015-ൽ അടിയന്തര സിൻഡിക്കേറ്റ് കൂടുകയും എൽ.എസ്.സി. നിറുത്തലാക്കുകയും ചെയ്തു. അതുപ്രകാരം യു.ജി.സി നിഷ്കർഷിച്ച സത്യവാങ്മൂലം പൂരിപ്പിച്ച് നിശ്ചിത ഫോർമാറ്റും മറ്റ് അനുബന്ധ രേഖകളും യു.ജി.സി.ക്ക് 01.08.2015-ൽ സമർപ്പിച്ചു. യു.ജി.സി.യിൽനിന്നും അനുകൂല മറുപടി ഉണ്ടാകാത്തതിനാൽ 03.10.2015-ൽ കൂടിയ സിൻഡിക്കേറ്റ് ചുമതലപ്പെടുത്തിയതനുസരിച്ച് വൈസ് ചാൻസലർ നേരിട്ട് രണ്ടുതവണ യു.ജി.സി. ആസ്ഥാനത്ത് എത്തുകയും ഒരിക്കൽകൂടി സത്യവാങ്മൂലവും രേഖകളും സമർപ്പിക്കുകയും അധികാരികളുമായി ആശയവിനിമയം നടത്തുകയും ചെയ്തു.

യൂണിവേഴ്സിറ്റി നിരന്തരമായി ഈ ആവശ്യത്തിനുവേണ്ടി യു.ജി.സി.യുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതേസമയം എൽ.എസ്.സി. ഉൾപ്പെടെ വിദൂര വിദ്യാഭ്യാസംവഴി അഡ്മിഷൻ നേടിക്കഴിഞ്ഞ വിദ്യാർത്ഥികളുടെ തുടർ പഠനത്തിനാവശ്യമായ നടപടികൾ കൈക്കൊള്ളുകയും അക്കാര്യം പത്രക്കുറിപ്പിലൂടെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. സമ്പർക്ക ക്ലാസ്സുകൾ ഡിസംബർ മാസം 5-ാം തീയതിമുതൽ കൊല്ലം, തിരുവനന്തപുരം, ആലപ്പുഴ, കൊട്ടാരക്കര എന്നിവിടങ്ങളിൽ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. യു.ജി.സി. ക്ലോസ് 13 പ്രകാരം യൂണിവേഴ്സിറ്റിയുടെ അധികാരപരിധിക്ക് പുറത്ത് പഠനകേന്ദ്രങ്ങൾ തുടങ്ങാൻ പാടില്ല. കൂടാതെ ക്ലോസ് 15 പ്രകാരം അധികാര പരിധിക്കുള്ളിൽതന്നെ ഫ്രാഞ്ചൈസി പ്രൈവറ്റ് ഇൻസ്റ്റിറ്റ്യൂഷൻവഴിയുള്ള തുടർ വിദ്യാഭ്യാസവും നടത്താൻ പാടില്ല. കേരളാ യൂണിവേഴ്സിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന എൽ.എസ്.സി.കൾ പ്രൈവറ്റ് ഇൻസ്റ്റിറ്റ്യൂഷൻസ് ആയതിനാൽ ക്ലോസ് 15 പ്രകാരം അവയുടെ പ്രവർത്തനം നിറുത്തേണ്ടതായിവന്നു. ആയതിൽ 06.12.2014-ൽ കൂടിയ സിൻഡിക്കേറ്റിന്റെ ഉത്തരവ് പ്രകാരം അധികാരപരിധിക്ക് അകത്തുള്ള എൽ.എസ്.സികളും നിറുത്തലാക്കാൻ തീരുമാനിച്ചു. കേരള യൂണിവേഴ്സിറ്റി വിദൂര വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരം പുനഃസ്ഥാപിച്ചുകിട്ടുന്നതിനുവേണ്ടി യു.ജി.സി.യുടെ കർശന നിർദ്ദേശം പാലിച്ചുകൊണ്ടുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. യു.ജി.സി.യുടെ മാനദണ്ഡങ്ങൾക്കനുസരിച്ചാണ് ഓഫ് കാമ്പസ് സെന്ററുകൾ

പ്രവർത്തിച്ചിരുന്നതെന്ന് കണ്ണൂർ മഹാത്മാഗാന്ധി സർവ്വകലാശാലയും അറിയിച്ചിട്ടുണ്ട്. എന്നാൽ മഹാത്മാഗാന്ധി സർവ്വകലാശാലയുടെ വിദൂര വിദ്യാഭ്യാസ കേന്ദ്രങ്ങളുടെ പ്രവർത്തനം സംബന്ധിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ചാൻസലർ ടി കേന്ദ്രങ്ങൾ അടച്ചുപൂട്ടാൻ നിർദ്ദേശിക്കുകയും പ്രസ്തുത ഉത്തരവ് സർവ്വകലാശാല നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല എന്നീ സർവ്വകലാശാലകൾ വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്തുന്നില്ല. കണ്ണൂർ സർവ്വകലാശാലയ്ക്ക് അതിന്റെ അധികാരപരിധിക്കുള്ളിലുള്ള ഒരു വിദൂര വിദ്യാഭ്യാസ കേന്ദ്രം മാത്രമാണ് പ്രവർത്തിക്കുന്നത്.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: സർ, ഞെട്ടിക്കുന്ന ധാരാളം വാർത്തകൾ ഇതിന്റെ ഭാഗമായി എത്തുന്നുണ്ട്. ഇന്നലെ പത്രത്തിൽ വന്നിരിക്കുന്നത് വിദൂര വിദ്യാഭ്യാസ ബി.ടെക് കോഴ്സിനെ സംബന്ധിച്ചാണ്. മറ്റൊരു വാർത്ത വിദ്യാഭ്യാസ വായ്പ തിരിച്ചുപിടിക്കുന്നതിന് സ്വകാര്യ ഏജൻസിയായ റിലയൻസിനെ ഏൽപ്പിക്കുന്നു, പ്രൈവറ്റ് ഏജൻസികളെക്കൊണ്ട് പരീക്ഷ നടത്താനായി തീരുമാനിക്കുന്നു എന്നാണ്. ഈ വിഷയത്തിന്റെ സാമൂഹിക വശം പരിഗണിച്ചുകൊണ്ട് ഈ വർഷം അഡ്മിഷനെടുത്തിട്ടുള്ളതും ഇപ്പോൾ മൂന്നാംവർഷം പരീക്ഷ എഴുതേണ്ടതുമായ കുട്ടികൾക്ക് അവരുടെ വിദ്യാഭ്യാസം

പൂർത്തിയാക്കുന്നതിനുള്ള ഒരു ഇടപെടൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ? യൂണിവേഴ്സിറ്റി അഫിഡവിറ്റ് കൊടുത്തില്ല അണ്ടർടേക്കിംഗ് ആണ് കൊടുത്തതെന്ന് പറഞ്ഞു. യഥാർത്ഥത്തിൽ യൂണിവേഴ്സിറ്റി സമയത്ത് ഇടപെടാത്തതുമൂലമുള്ള ഭരണപരാജയമാണ് ഇവിടെ സംഭവിച്ചിട്ടുള്ളത്. യൂണിവേഴ്സിറ്റിയുടെ ഭരണപരാജയത്തിന് കുട്ടികളെ ശിക്ഷിക്കുന്ന സാഹചര്യമുണ്ടാകരുത്. ഈ വിഷയത്തിൽ ഗവൺമെന്റിന് ഇടപെടാൻകഴിയുമോ; യു.ജി.സി.യിൽ സമ്മർദ്ദം ചെലുത്താൻ കഴിയുമോ? ഇത് യൂണിവേഴ്സിറ്റിയുടെ മാത്രം ഭരണപരമായ കാര്യം എന്ന നിലയിൽ കാണാതെ സാമൂഹ്യ വിഷയം എന്ന നിലയിൽ കുട്ടികളുടെ തുടർ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് ഗവൺമെന്റ് ഇടപെടുമോ?

<u>ശ്രീ. പി. കെ. അബ്ദുറബ്ബ്:</u> സർ, എൽ.എസ്.സി.കൾ ഉള്ളതുകൊണ്ടാണ് ആദ്യത്തെ പ്രശ്നം വന്നത്. അതുകൊണ്ടാണ് എൽ.എസ്.സി.കൾ നിറുത്താൻ തീരുമാനിച്ചത്. അതിനുള്ള കാലതാമസങ്ങൾ സ്വാഭാവികമായും സിൻഡിക്കേറ്റ് യോഗങ്ങൾ കൂടാനൊക്കെ ഉണ്ടായിട്ടുണ്ട്. ഇപ്പോൾ അതെല്ലാം മാറ്റി ശരിയായ രീതിയിലുള്ള സംവിധാനമുണ്ടാക്കി യു.ജി.സി.യുടെ അംഗീകാരം നേടാനാണ് ശ്രമിക്കുന്നത്. പിന്നെ കുടിശ്ശിക പിരിക്കാൻവേണ്ടി റിലയൻസിനെ ഗവൺമെന്റ് ഏൽപ്പിച്ചിട്ടില്ല. പുതിയ കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി തുടങ്ങിയപ്പോൾ പരീക്ഷാ സമ്പ്രദായത്തിൽ മാറ്റംവരുത്താൻ, അതായത് പെട്ടെന്നുതന്നെ പരീക്ഷ

നടത്തുന്നതിനും പെട്ടെന്ന് റിസൽറ്റ് പബ്ലിഷ് ചെയ്യുന്നതിനുമൊക്കെ കഴിയുന്ന ഒരു സംവിധാനം നടപ്പിലാക്കുന്നതിനെക്കുറിച്ച് ആലോചന നടത്തി. അതിന് അനുകൂലമായും പ്രതികൂലമായുമുള്ള ചർച്ചകൾ നടക്കുന്നുണ്ട്. അതിനൊരു അന്തിമ തീരുമാനമുണ്ടായിട്ടില്ല.